പതിനാലാം കേരളനിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2717 — 13/03/2020 ലെ മറുപടി

## കുട്ടികളുടെ കൊഴിഞ്ഞു പോക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ വിദ്യാലയങ്ങളെ ഹൈടെക് ആക്കിയിട്ടും വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) യും (ബി) യും | 2018-19 അധ്യയന വർഷത്തിൽ ആകെ 4487 വിദ്യാർത്ഥികളാണ് ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ നിന്നും കൊഴിഞ്ഞുപോയതായി കണക്കാക്കിയത്. ഇത് നിലവിലെ (2018-19) കൊഴിഞ്ഞുപോക്കിന്റെ 0.12 ശതമാനം ആണ്. ഏറ്റവും കൂടുതലായി കൊഴിഞ്ഞു പോകുന്നത് ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളാണ്. |
| (ബി) നിലവിലെ കൊഴിഞ്ഞു പോക്കിന്റെ ശതമാനം എത്രയാണ്; ഏത് തലത്തിലുള്ള കുട്ടികളാണ് കൂടുതലായി കൊഴിഞ്ഞു പോകുന്നത്; വ്യക്തമാക്കുമോ; | | |
| (സി) പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികളുടെ കൊഴിഞ്ഞു പോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. 2018-19 അധ്യയന വർഷം കൊഴിഞ്ഞുപോയ ആകെ 4487 കുട്ടികളിൽ 919 കുട്ടികൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. അതായത് , ആകെ കൊഴിഞ്ഞുപോയ കുട്ടികളിൽ 21% വും പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉള്ളവരാണ്. |
| (ഡി) എങ്കിൽ അത്തരം കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കൊഴിഞ്ഞു പോയ കുട്ടികളെ തിരികെ എത്തിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പ്, ട്രൈബൽ ഡിപ്പാർട്ട്മെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനമൈത്രി പോലീസ്, NGOs, സ്കൂൾ പി.റ്റി.എ കൾ എന്നിവർ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ